# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.239 — 28.01.2019 ൽ മറുപടിക്ക്

## ആർദ്രം മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) ആർദ്രം മിഷന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; | (എ) ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ആരോഗ്യ സംവിധാനത്തിന്റെ പരിപൂർണ്ണ പരിവർത്തനമാണ് ആർദ്രം പദ്ധതിയിലൂടെ സർക്കാർ വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയിലൂടെ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.<br><br>• എല്ലാ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിലും ചികിത്സാ മാനദണ്ഡങ്ങളുടെയും ചികിത്സാ മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ചികിത്സകൾ ശാസ്ത്രീയമായി ക്രമീകരിക്കുക .<br><br>• പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക<br><br>• ജില്ലാ താലൂക്ക് തല ആശുപത്രികളിൽ അടിസ്ഥാന സൗകര്യവികസനം നടത്തിയും അധിക ജീവനക്കാരെ നിയമിച്ചും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കുക<br><br>• ഒ.പി.വിഭാഗം നവീകരിച്ച് ആശുപത്രികൾ രോഗീ സൗഹൃദമാക്കുക<br><br>• തെരെഞ്ഞെടുക്കപ്പെട്ട ജില്ലാ/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങൾ ആരംഭിക്കുക<br><br>ഒരു കുടുംബത്തിലെ എല്ലാ പേർക്കും സമഗ്ര പ്രാഥമികാരോഗ്യ പരിചരണം ലഭ്യമാക്കുന്നതിനാണ് കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി ലക്ഷ്യമിടുന്നത്. ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ, രോഗ പ്രതിരോധം, പ്രാഥമിക ചികിത്സ, റീഹാബിലിറ്റേഷൻ, പാലിയേറ്റീവ് പരിചരണം തുടങ്ങിയവയെല്ലാം അടങ്ങുന്നതാണ് സമഗ്ര പ്രാഥമിക ആരോഗ്യ |

| | | | |
|---|---|---|---|
| | | | പരിചരണം. കേരളത്തിൽ ഇന്ന് വലിയ ആരോഗ്യ പ്രശ്നമായി മാറിയിരിക്കുന്ന പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ, മാനസികാരോഗ്യ പ്രശ്നം തുടങ്ങിയവ നേരിടാനുള്ള പ്രവർത്തനങ്ങൾക്ക് മാതൃശിശു ആരോഗ്യ പരിചരണത്തോടും പകർച്ചവ്യാധി നിയന്ത്രണത്തോടുമൊപ്പം കൂടുതൽ പ്രാധാന്യം നൽകി വരുന്നു. ഇതിന്റെ ഭാഗമായി ജീവിതശൈലീ രോഗങ്ങൾക്കുള്ള എൻ.സി.ഡി.ക്ലിനിക്കുകൾ, ആസ്ത്മ/ശ്വാസംമുട്ടലിനുള്ള ശ്വാസ് ക്ലിനിക്, മാനസികാരോഗ്യ പരിചരണത്തിനുള്ള ആശ്വാസ് ക്ലിനിക്കുകൾ എന്നിവയും ആരംഭിച്ചിട്ടുണ്ട്. ഫീൽഡ്തല ആരോഗ്യ പ്രവർത്തനങ്ങൾ ആശാ, ആരോഗ്യസേന, അംഗനവാടി പ്രവർത്തകർ, കുടുംബശ്രീ വോളന്റിയർ എന്നിവർ അടങ്ങുന്ന സന്നദ്ധ ആരോഗ്യ പ്രവർത്തകർ വഴിയും ഫലപ്രദമായ ഫീൽഡുതലപ്രവർത്തനങ്ങളും നടന്നു വരുന്നു. |
| (ബി) | ആർദ്രം മിഷന്റെ ഭാഗമായി ഏതെങ്കിലും ആശുപത്രികൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടോ; | (ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട മലയിൻകീഴ്, പത്തനാപുരം, കൊണ്ടോട്ടി, പനത്തടി, മംഗൾപ്പാടി, ബേഡഡുക്ക എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ താലൂക്കാശുപത്രികളാക്കി ഉയർത്തിയിട്ടുണ്ട്.<br><br>ആർദ്രം മിഷന്റെ ഒന്നാം ഘട്ടത്തിൽ 170 പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി ഇവിടങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ വിവിധ 504 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരെഞ്ഞെടുത്തിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | എങ്കിൽ ആശുപത്രികൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | പുതുതായി രൂപീകരിച്ച താലൂക്കുകളിൽ നിലവിൽ താലൂക്കാശുപത്രി ഇല്ലാത്ത സ്ഥലങ്ങളിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെയാണ് താലൂക്കാശുപത്രിയായി പദവി ഉയർത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ